ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ കോടതികളിലെ ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതിനുള്ള നടപടികൾ സജീവ പരിഗണനയിലാണ്. കോടതി വ്യവഹാരഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ച ഔദ്യോഗിക ഭാഷാ ഉന്നതതല സമിതിയുടെ 16-3-2017-ലെ യോഗ തീരുമാനമനുസരിച്ച് ആദ്യപടിയായി മുൻസിഫ് മജിസ്ട്രേറ്റ് കോടതികളിലെ കോടതി നടപടികളും, ജില്ലാ കോടതികളിലേയ്ക്ക് അപ്പീൽ/റിവിഷൻ അധികാരമുള്ളതുമായ കേസുകളിലെ വിധിന്യായങ്ങളും മലയാളത്തിൽകൂടി ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഇതിനായി ജില്ലാ കോടതികളിൽ ആവശ്യമായ പരിഭാഷകരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനും ഹൈക്കോടതിയുമായി കൂടിയാലോചിച്ച് ജഡ്ജിമാർക്ക് വിധിന്യായങ്ങൾ മലയാളത്തിൽ എഴുതുന്നതിനുള്ള പരിശീലനം നൽകുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്.

**സാമൂഹ്യക്ഷേമ പദ്ധതികൾ**

217 (2040) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച വിവിധ വകുപ്പുകളുടെ സാമൂഹ്യ ക്ഷേമ പദ്ധതികളിൽ ഇപ്പോഴും തുടർന്നു വരുന്നവ ഏതൊക്കെയാണെന്ന് വകുപ്പ് തിരിച്ച് അറിയിക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഏതെല്ലാം സാമൂഹ്യക്ഷേമ പദ്ധതികളാണ് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നിർത്തലാക്കിയിട്ടുള്ളത്; വകുപ്പുകൾ തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഏതെങ്കിലും സാമൂഹ്യക്ഷേമ പദ്ധതികളുടെ പേരിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ മാറ്റം വരുത്തിയ പേരിൽ തുടർന്ന് വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വകുപ്പുകൾ തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച സാമൂഹ്യക്ഷേമ പദ്ധതികൾ ഏതൊക്കെയാണെന്ന് ബന്ധപ്പെട്ട വകുപ്പ് തിരിച്ച് വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly